ഉത്തരം

(എ) 17-9-1943-ൽ സ്ഥാപിതമായി.

(ബി) പരാതികളുടെ അന്വേഷണം, കോടതി കല്പനകൾ നടപ്പാക്കുക, വില്ലേജ് ബീറ്റ് നടത്തുക, മുൻ കുറ്റവാളികളെക്കുറിച്ചുള്ള പരിശോധന എന്നിവയാണ് ഈ ഔട്ട് പോസ്റ്റിന്റെ ഇപ്പോഴത്തെ ചുമതലകൾ.

(സി, ഡി ആൻറ് ഇ) ഈ ഔട്ട് പോസ്റ്റ് ചാർജ്ജിങ് സ്റ്റേഷനായി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നു കാണിച്ച് പോലീസ് വകുപ്പിൽ നിന്നും ശുപാർശകൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

50 (813) ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളുണ്ട്; സ്വന്തമായി കെട്ടിടം നിർമ്മിച്ചിട്ടുള്ള എത്ര പോലീസ് സ്റ്റേഷനുകളുണ്ട്;

(ബി) കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 84 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. 345 സ്റ്റേഷനുകൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 100 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് 9-8-2001-ൽ അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ സെൻട്രൽ ജയിൽ ജീവനക്കാരുടെ നിയമനം

51 [814] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവനക്കാരെ നിയമിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

(സി) കണ്ണൂർ സെൻട്രൽ ജയിലിൽ ആവശ്യമായ ജീവനക്കാരില്ലാത്തത് കാരണം അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിവുള്ള എല്ലാ തസ്തികകളും യഥാസമയം പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കണ്ണൂർ സെൻട്രൽ ജയിൽ ഉൾപ്പെടുന്ന ഉത്തര മേഖലയിൽ നിലവിലുള്ള വേക്കൻസികൾ എല്ലാം തന്നെ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നിലവിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തിവരുന്നു.

പോലീസ് സ്റ്റേഷൻ അതിർത്തികൾ പുനർനിർണ്ണയിക്കാൻ നടപടി

52 [815] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ അതിർത്തികൾ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടി വിശദമാക്കുമോ;

(സി) കോഴിക്കോട് സിറ്റിയിലെ കുന്ദമംഗലം, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുകളുടെ അതിർത്തികൾ പുനർനിർണ്ണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതുവിധത്തിലാണ് പുനർനിർണ്ണയം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് അതിർത്തി വിവരിച്ച് വിശദമാക്കാമോ;

(ഇ) എന്നത്തേക്ക് അതിർത്തി പുനർനിർണ്ണയം യാഥാർത്ഥ്യമാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിലേക്കാവശ്യമായ വിവരങ്ങൾ എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ചുവരികയാണ്.

(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly